**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4004** **27-10-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ നൽകി വരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളുടെ ഘടന എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, എന്നീ അഞ്ചിനം സുരക്ഷാ പെൻഷനുകൾക്കൊപ്പം സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനും, തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 12 ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ ക്ഷേമ പെൻഷനിൽ ഉൾപ്പെടുന്നു. ഇതുകൂടാതെ സാംസ്കാരിക വകുപ്പ് മുഖേന വിതരണം ചെയ്യുന്ന കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, (ചലചിത്ര അക്കാദമി മുഖേന), കായിക യുവജന ക്ഷേമ വകുപ്പ് മുഖേന നൽകുന്ന സർക്കസ് കലാകാര പെൻഷൻ, അവശ കായികതാര പെൻഷൻ എന്നിവയും നൽകിവരുന്നു. |
| (ബി) | സാമൂഹ്യ ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിലെ വരുമാന പരിധി ഏതൊക്കെയാണെന്നും എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | എല്ലാത്തരം സാമൂഹ്യ സുരക്ഷാ പെൻഷനുകളും ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒരുലക്ഷം രൂപയാണ്. എന്നാൽ ക്ഷേമനിധി ബോർഡു പെൻഷനുകൾക്കുള്ള വരുമാന പരിധി അതാത് ബോർഡുകളിലെ നിയമാവലിക്ക് അനുസൃതമാണ്. |
| (സി) | വീടിന്റെ വിസ്തൃതി സാമൂഹ്യ ക്ഷേമ പെൻഷൻ അനുവദിക്കുന്നതിന് മാനദണ്ഡമായി സ്വീകരിക്കുന്നുണ്ടോ; | (സി) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിന് അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിന് അർഹതയില്ല. |
| (ഡി) | കുടുംബപരമായും അനന്തരാവകാശമായും ലഭിച്ച | (ഡി) | ശ്രദ്ധയിൽ പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| | വീട്ടുകളിൽ താമസിക്കുന്ന നിർധനരായ ആൾക്കാർക്കു പോലും ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | കുടുംബത്തിന്റെ നിലവിലുള്ള സാമ്പത്തിക സാഹചര്യം മാത്രം പരിഗണിച്ചുകൊണ്ട് സാമൂഹ്യക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; ഇത് സംബന്ധമായ നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ? | (ഇ) | സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയിലാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. അർഹതപ്പെട്ട എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുക എന്നതാണ് സർക്കാർ നയം. എന്നാൽ അനർഹരായവർ പെൻഷൻ കൈപ്പറ്റുന്നില്ലാ എന്ന് ഉറപ്പ് വരുത്തേണ്ടത് സർക്കാരിന്റെ സാംമ്പത്തിക ഭദ്രതക്ക് അനിവാര്യവുമാണ്. അതിനാലാണ് നിർദ്ദിഷ്ട മാനദണ്ഡങ്ങളോടൊപ്പം, അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ കൂടി വിലയിരുത്തി അർഹതയുള്ളപക്ഷം മാത്രം പെൻഷനുകൾ അനുവദിക്കാവുന്നതാണന്ന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ലാത്തതിനാൽ ഇത് സംബന്ധിച്ച നിവേദനങ്ങൾക്ക് ഇത്തരത്തിൽ മറുപടി നൽകി തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ